## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2175 — 20.01.2021 - ൽ മറുപടിയ്ക്ക്

### അവയവദാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് അവയവ ദാനവുമായി ബന്ധപ്പെട്ട് നിലവിലെ നിയമങ്ങൾ കാറ്റിൽ പറത്തി അനധികൃത അവയവ കച്ചവടം വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | അവയവ കച്ചവടത്തെക്കുറിച്ചുള്ള വാർത്തകൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>1994 -ൽ ലോകസഭ പാസാക്കിയ മനുഷ്യാവയവ കൈമാറ്റ നിയമം (Transplantation of Human Organs Act) അടിസ്ഥാനമാക്കിയാണ് കേരളത്തിൽ അവയവദാന പ്രക്രിയകൾ നടക്കുന്നത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ബന്ധുവേതര അവയവ മാറ്റത്തിനു അംഗീകാരം നൽകുന്നതിനായി സംസ്ഥാനത്തെ മൂന്നു സോണുകളായി തിരിച്ച് ആതറൈസേഷൻ കമ്മിറ്റികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അവയവം മാറ്റത്തിൽ യാതൊരുവിധ കച്ചവടവും ക്രയവിക്രയവും നടന്നിട്ടില്ലായെന്നു ഉറപ്പു വരുത്തുകയാണ് ഈ കമ്മിറ്റിയുടെ ലക്ഷ്യം. ഈ കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷമാണ് ബന്ധുവേതര അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്നത്.<br><br>അവയവ കച്ചവടത്തെക്കുറിച്ചുള്ള വാർത്തകളെ തുടർന്ന്, അവയവം ആവശ്യപ്പെട്ടുകൊണ്ടുള്ള പരസ്യം പത്രമാധ്യമങ്ങളിൽ നൽകുന്നത് സർക്കാർ വിലക്കിയിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി അവയവ കച്ചവടം സംസ്ഥാനത്തുനിന്നും തുടച്ചുനീക്കുകയെന്ന ലക്ഷ്യത്തോടെ മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | അവയവദാനവുമായി ബന്ധപ്പെട്ട് നിലവിൽ വന്ന 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് ആക്റ്റിലെ നിബന്ധനകൾ ലംഘിച്ചു കൊണ്ടാണ് ഇത്തരം ഇടപാടുകൾ നടത്തുന്നതെന്ന റിപ്പോർട്ടുകളും പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | | |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട ശസ്ത്രക്രിയകൾ ഏകോപിപ്പിക്കുന്നതിനും സർക്കാർ രൂപം നൽകിയ മൃതസഞ്ജീവനി പദ്ധതി അട്ടിമറിക്കും വിധമുള്ള അനധികൃത ഇടപാടുകൾ വ്യാപകമാണെന്ന പരാതികൾ നേരത്തെ ഉയർന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം ഇപ്പോൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | അവയവ കച്ചവടത്തെക്കുറിച്ചുള്ള വാർത്തകൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ വന്നിട്ടുള്ളത് ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇതിൽ ഏതെങ്കിലും രീതിയിലുള്ള കച്ചവടം നടന്നിട്ടുണ്ടോ എന്നതിനെക്കുറിച്ചുള്ള അന്വേഷണം ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിൽ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ